**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 807** **09-08-2023 - ൽ മറുപടിയ്ക്ക്**

**പുനർജനി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | പുനർജനി പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സംസ്ഥാനത്ത് നിലവിലുള്ള പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയം പര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിന് വിഭാവനം ചെയ്തിട്ടുള്ള ഒരു സമഗ്ര പദ്ധതിയാണ് പുനർജ്ജനി പദ്ധതി. പദ്ധതിയിലൂടെ 2022-23 വർഷം മുതൽ പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകി വരുന്നു. ഈ പദ്ധതി പ്രകാരമുള്ള ധനസഹായം ഒരു സംഘത്തിന് ഒരു തവണ മാത്രമേ ലഭിക്കുകയുള്ളൂ. പുനർജ്ജനി പദ്ധതിയിൽ നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് 85% തുക (സബ്സിഡി -50%, ഓഹരി- 35%) സർക്കാർ ധന സഹായമായി അനുവദിക്കുന്നതും 15 % തുക സംഘം വഹിക്കേണ്ടതുമാണ് .<br><br>ഈ പദ്ധതി മുഖേന 2022-23 പദ്ധതി വർഷം 15 സംഘങ്ങൾക്കും, 2023-24 വർഷം ഇതു വരെ 8 സംഘങ്ങൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. പദ്ധതി വിപുലപ്പെടുത്തി കൂടുതൽ സഹായം അനുവദിക്കുന്ന വിഷയം ധനലഭ്യതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതി വിപുലപ്പെടുത്താനും അതുവഴി കൂടുതൽ പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും സ്വയം പര്യാപ്തത കൈവരിക്കുന്നതിനും നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ബി) | സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൽ സംസ്ഥാനത്ത് നിലവിലുള്ള പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെയും സ്വയം പര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിന് വിഭാവനം ചെയ്തിട്ടുള്ള ഒരു സമഗ്ര പദ്ധതിയാണ് പുനർജ്ജനി പദ്ധതി. പദ്ധതിയിലൂടെ 2022-23 വർഷം മുതൽ പട്ടികജാതി/ പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകി വരുന്നു. ഈ പദ്ധതി |

| | | | |
|---|---|---|---|
| | | | പ്രകാരമുള്ള ധനസഹായം ഒരു സംഘത്തിന് ഒരു തവണ മാത്രമേ ലഭിക്കുകയുള്ളൂ. പുനർജ്ജനി പദ്ധതിയിൽ നടപ്പിലാക്കുന്ന പ്രോജക്ടുകൾക്ക് 85% തുക (സബ്സിഡി -50%, ഓഹരി- 35%) സർക്കാർ ധന സഹായമായി അനുവദിക്കുന്നതും 15 % തുക സംഘം വഹിക്കേണ്ടതുമാണ് .<br><br>ഈ പദ്ധതി മുഖേന 2022-23 പദ്ധതി വർഷം 15 സംഘങ്ങൾക്കും, 2023-24 വർഷം ഇതു വരെ 8 സംഘങ്ങൾക്കും ധനസഹായം അനുവദിച്ചിട്ടുണ്ട്. പദ്ധതി വിപുലപ്പെടുത്തി കൂടുതൽ സഹായം അനുവദിക്കുന്ന വിഷയം ധനലഭ്യതയുടെ അടിസ്ഥാനത്തിൽ പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ